പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2590

21.06.2012-ലെ
മറുപടിക്ക്.

## അദ്ധ്യാപക തസ്തിക നിർണ്ണയിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ അദ്ധ്യയന വർഷത്തിൽ അദ്ധ്യാപക തസ്തിക നിർണ്ണയിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2012-13 അദ്ധ്യയന വർഷം തസ്തിക നിർണ്ണയത്തിന്റെ ഭാഗമായി സ്കൂളുകളിൽ യു.ഐ.ഡി. കാർഡ് നടപ്പാക്കുന്നതിന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. യു.ഐ.ഡി. പ്രകാരമുള്ള കുട്ടികളുടെ കണക്ക് ലഭിക്കുന്നതു വരെ 2010-11-ലെ തസ്തിക നിർണ്ണയ ഉത്തരവ് ബാധകമാക്കി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം കണക്കാക്കാൻ കുട്ടികളുടെ തലയെണ്ണുന്ന ഏകദിന വെരിഫിക്കേഷൻ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നുണ്ടോ; | (ബി) | ഇല്ല. |
| (സി) | 1:30, 1:35 എന്ന അനുപാതത്തിൽ കുട്ടികളുടെ എണ്ണം കണക്കാക്കി തസ്തികകൾ അനുവദിക്കുന്ന നടപടി ഈ വർഷം തന്നെ നിലവിൽ വരുമോയെന്ന് വ്യക്തമാക്കുമോ; | (സി) | അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എൽ.പി. വിഭാഗത്തിൽ 1:30 ആയും യു.പി. വിഭാഗത്തിൽ 1:35 ആയും നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് നടപ്പിലാക്കുന്നതിനായി കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കുന്നതിന് കുട്ടികളുടെ യു.ഐ.ഡി. പ്രകാരമുള്ള കണക്ക് എടുത്തു വരുന്നു. യു.ഐ.ഡി. പ്രകാരമുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം തന്നെ പുതിയ അനുപാതം നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

(ഡി) വിദ്യാഭ്യാസ അവകാശ നിയമം ഈ വർഷം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം 2010 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നു കഴിഞ്ഞു.

(ഇ) ഈ നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 2011 ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ച് 30/04/11 ലെ ജി.ഒ (പി) 100/11/പൊ.വി.വ. നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. NCTE യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അദ്ധ്യാപക നിയമനങ്ങൾക്ക് TET യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ മാത്രം പരിഗണിക്കുവാൻ പി.എസ്.സിയോടാവശ്യപ്പെട്ടിട്ടുണ്ട്. TET യോഗ്യത പരീക്ഷ നടത്തിപ്പിനായി SCERT-യെ ചുമതലപ്പെടുത്തി 01.03.12-ലെ ജി.ഒ. (പി) 70/12/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമം അനുശാസിക്കുംവിധം 150 കുട്ടികളുള്ള പ്രൈമറി സ്കൂളുകളിലും 100 കുട്ടികളുള്ള യു.പി സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കികൊണ്ട് 28/12/11 ലെ ജി.ഒ (പി) നം. 256/11/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുട്ടിയുടെ വരുമാന പരിധി 60,000/- രൂപയായി നിശ്ചയിച്ചുകൊണ്ട് 27.03.12-ലെ ജി.ഒ.(പി)94/11/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. കൂടാതെ സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ, ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ട കുട്ടി '(a child belonging' to disadvantaged group) എന്നിവ ഏതൊക്കെയാണെന്ന് നിർവചിച്ചുകൊണ്ട് യഥാക്രമം 27.03.2012-ലെ ജി.ഒ.(പി) 93/12/പൊ.വി.വ.,

25.05.2012-ലെ ജി.ഒ.(പി) 158/12/പൊ.വി.വ. എന്നിവ മുഖേന ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തെ കുറിച്ച് രക്ഷാകർതൃ ബോധവത്കരണ പരിപാടി, ജനപ്രതിനിധികൾക്കു വേണ്ടി കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രോഗ്രാം എന്നിവ സർവ്വ ശിക്ഷാ അഭിയാൻ മുഖേന നടത്തുകയും, വിദ്യാഭ്യാസം നമ്മുടെ അവകാശം എന്ന ആശയം പ്രചരിപ്പിക്കാനുള്ള പദ്ധതികൾ, എസ്.എസ്.എ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ സംരക്ഷണ നിയമം അനുശാസിക്കും വിധം എല്ലാ സ്കൂളുകളിലും 1-ാം ക്ലാസ് പ്രവേശനത്തിന് 6 വയസ്സ് പൂർത്തിയായിരിക്കണമെന്ന് 09/01/12 ലെ ജി.ഒ (എം.എസ്) 9/12/പൊ.വി.വ. പ്രകാരം നിർദ്ദേശിച്ച് ഉത്തരവായെങ്കിലും കേന്ദ്രീയ വിദ്യാലയം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ കേന്ദ്ര സ്കൂളുകളിൽ 5വയസ്സ് തന്നെ ഈ വർഷം നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ അദ്ധ്യയന വർഷം 5 വയസ്സു തന്നെ നിലനിർത്തികൊണ്ട് 12.04.2012-ലെ ജി.ഒ.(എം.എസ്)117/2012/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് എട്ടാം ക്ലാസുവരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ്സ് കയറ്റം നൽകാൻ നിർദ്ദേശിച്ച് 28.03.12-ലെ ജി.ഒ. (പി) 99/12/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. 5-ാം ക്ലാസ് എൽ.പിയുടെയും 8-ാം ക്ലാസ് യു.പിയുടെയും ഭാഗമാക്കിക്കൊണ്ട് വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും വിധം 1 മുതൽ 8 വരെ ക്ലാസ്സുകൾ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കികൊണ്ടുള്ള ഘടനാമാറ്റം സംബന്ധിച്ച് അടിയന്തിര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുനർനിശ്ചയിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരുന്നു.

| | | | |
|---|---|---|---|
| (എഫ്) | ഈ നിയമം നടപ്പാക്കുമ്പോൾ ആവശ്യം വരുന്ന ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (എഫ്) | എസ്.എസ്.എ. നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ